# കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

കേരളത്തിലെ മറ്റു പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തമറിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ സംരംഭകത്വ പരിശീലനം, തൊഴിലധിഷ്ഠിത പലിശീലനം, വിപണനമേളകൾ എന്നിവയും കോർപ്പറേഷൻ നടത്തി വരുന്നു. 1995 മുതൽ 31.07.2021 വരെ 6.45 ലക്ഷം കുടുംബങ്ങൾക്കായി 4500 കോടിയോളം രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)യും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടി യുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## സ്റ്റാർട്ട്അപ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിന വേണ്ടി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ് വായ്പ.

പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപവരെ വായ്പയായി അനുവദിക്കുന്നതാണ്. 3,00,000/- രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 10

ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും 10 ലക്ഷത്തിന് മുകളിൽ 8% പലിശ നിരക്കിലും വായ്പ ലഭിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ.

അപേക്ഷകൻ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും പ്രൊഫഷണൽ കോഴ്സുകൾ (എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എസ്.എം.എസ്., ബി.ടെക്, ബി.എച്ച്.എം.എസ്., ബിആർക്ക്, വെറ്ററിനറി സയൻസ്, ബി.എസ്.സി. അഗ്രികൾച്ചർ, ബി.ഫാം, ബയോടെക്നോളജി, ബി.സി.എ., എൽ.എൽ.ബി., ഫുഡ് ടെക്നോളജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ / ആയുർവേദ / ഹോമിയോ / സിദ്ധ / ദന്തൽ ക്ലിനിക്ക്, വെറ്ററിനറി ക്ലിനിക്ക്, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ആർക്കിടെക്ച്ചറൽ കൺസട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്മെന്റ്, ഡയറി ഫാം, അക്വാകൾച്ചർ, ഫിറ്റ്നെസ്സ് സെന്റർ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, ഓർക്കിഡ് ഫാം, ടിഷ്യു കൾച്ചർ ഫാം, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ ഏതൊരു നിയമാനുസൃത സംരംഭം ആരംഭിക്കുന്നതിനും വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി (മാസ തവണകൾ) |
|---|---|---|---|
| **സ്റ്റാർട്ട്അപ് വായ്പാ പദ്ധതി** | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ **6%**<br>5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം രൂപ വരെ **7%**<br>10 ലക്ഷത്തിനുമുകളിൽ **8%** | 2 ലക്ഷം രൂപ വരെ 60 മാസം<br>2 മുതൽ 5 ലക്ഷം വരെ 72 മാസം<br>5 ലക്ഷത്തിനുമുകളിൽ 84 മാസം |

## പദ്ധതി പ്രകാരമുള്ള പ്രത്യേക ആനുകൂല്യങ്ങൾ

1) **പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി**

വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. ടി തുക അപേക്ഷകന്റെ വായ്പാ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതാണ്. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടി വരുന്നത്.

2) **കെ.എസ്.ബി.സി.ഡി.സി. ഗ്രീൻ കാർഡ് ആനുകൂല്യം**

കൃത്യമായി വായ്പ തിരിച്ചടക്കുന്നതനുവേണ്ടി കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിയാണ് ഗ്രീൻകാർഡ്. ഇതു പ്രകാരം മുടക്കമില്ലാതെ എല്ലാ ഗഡുക്കളും നിശ്ചിത തീയതിക്കുമുൻപു തന്നെ ഒടുക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ മൊത്തം തിരിച്ചടച്ച തുകയുടെ 5% ഇളവ് നൽകുന്നതാണ്.

## അപേക്ഷ സമർപ്പണം

പദ്ധതി പ്രയോജനപ്പെടുത്തി സ്റ്റാർട്ട്അപ്പ് സംരംഭം ആരംഭിക്കുന്നതിന് തത്പരരായ പ്രൊഫഷണലുകൾ ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ ഓഫീസിൽ ഹാജരായി വായ്പാ അപേക്ഷാ ഫോറം കൈപ്പറ്റണം. ടി അപേക്ഷാ ഫോറം പൂരിപ്പിച്ച് ചുവടെ ചേർക്കുന്ന രേഖകൾ സഹിതം സമർപ്പിക്കണം.

1. റേഷൻ കാർഡിന്റെ പകർപ്പ്
2. ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
3. ആധാർ കാർഡിന്റെ പകർപ്പ്
4. അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്

5. അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)
6. ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.
7. വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
8. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, IFS കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.
9. പ്രൊഫഷണൽ ബിരുദ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്

ഇതിനു പുറമേ മലയാളത്തിലോ, ഇംഗ്ലീഷിലോ തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഹാജരാക്കണം. താഴെ പറയുന്ന വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്തണം.

1. സംരംഭകനെക്കുറിച്ചുള്ള വിവരങ്ങൾ (വിദ്യാഭ്യാസയോഗ്യത, സാങ്കേതിക യോഗ്യത, പ്രായോഗിക പരിചയം തുടങ്ങിയവ)
2. പദ്ധതിയുടെ വിശദാംശങ്ങൾ
3. പദ്ധതി തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത
4. പദ്ധതി ചെലവും ധനാഗമന മാർഗ്ഗങ്ങളും
5. പദ്ധതിക്കാവശ്യമായ യന്ത്രസാമഗ്രികൾ
6. പദ്ധതിക്കാവശ്യമായ പ്രവർത്തനമൂലധനം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ
7. വിപണി സാധ്യതകൾ
8. ഉൽപ്പന്നം വിപണനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ
9. പദ്ധതി നടത്തിയാൽ ലഭിക്കാവുന്ന ലാഭം കണക്കാക്കി ഇതു സംബന്ധിച്ച് പ്രതീക്ഷിക്കുന്ന 8 വർഷത്തെ ലാഭ നഷ്ടക്കണക്കും, ബാലൻസ് ഷീറ്റും.
10. 8 വർഷത്തെ ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്
11. പദ്ധതിയുടെ ലാഭക്ഷമത വിലയിരുത്തുന്നതിനുള്ള സൂചികകൾ – (BEP, Pay Back Period, DSCR, IRR മുതലായവ).

## പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം സമർപ്പക്കേണ്ട രേഖകൾ

പദ്ധതിയ്ക്ക് യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ/ഫർണിച്ചറുകൾ ആവശ്യമുള്ള പക്ഷം ആയത് വാങ്ങുന്നതിനായി നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നുള്ള ഇൻവോയ്സ്/ ക്വട്ടേഷൻ.

പദ്ധതിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനങ്ങളോ, ഇന്റീരിയർ ഫർണിഷിങ്ങോ ആവശ്യമുള്ളപക്ഷം ലൈസൻസ്ഡ് എൻജിനിയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ്.

നിർദ്ദിഷ്ട വിദ്യാഭ്യാസ/സാങ്കേതിക യോഗ്യത ആവശ്യമുള്ള സംരംഭമാണെങ്കിൽ ബന്ധപ്പെട്ട യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/ സ്ഥിര നിക്ഷേപം/ LIC പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

--------------------